**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2379** **27-02-2023 - ൽ മറുപടിയ്ക്ക്**

**മൂലക്കീൽ കടവ് പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ-കല്ല്യാശ്ശേരി നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കീൽ കടവ് പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (എ) | 31/10/2016-ലെ GO (Rt) No.1496/2016/PWD നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ മൂലക്കീൽ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ നിർവ്വഹണ ഏജൻസി (SPV) ആയ KRFB 02/07/2020-ന് കിഫ്‌ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്‌ബി പരിശോധിച്ച് 19/10/2020-ന് SPV-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നതും, ആയതിന് SPV 19/01/2021-ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 11/02/2021-ന് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ചു കൊണ്ട് SPV-ക്ക് തിരിച്ച് നൽകിയിരുന്നതും, ആയതിന് 16/02/2021-ന് സമർപ്പിച്ച മറുപടിയും തൃപ്തികരമല്ലാത്തതിനാൽ 15/03/2021-ന് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ചു കൊണ്ട് വീണ്ടും SPV-ക്ക് തിരിച്ച് നൽകയിരുന്നു.<br><br>പിന്നീട് 03/11/2021-ന് കിഫ്‌ബി എക്സിക്യൂട്ടീവ് ഡയറക്ടർ സ്ഥലം സന്ദർശിച്ച് ഡിസൈനിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ SPV അധികപരിശോധനകൾ നടത്തിയതായും, ആയതിന്റെ വിവരങ്ങൾ 24/11/2022-ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ടെന്നും, ഡിസൈൻ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണന്നും, പുതുക്കിയ ഡി.പി.ആർ ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് കിഫ്‌ബിയിൽ സമർപ്പിച്ച് ധനാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2379

### 27-02-2023 ൽ മറുപടി നൽകേണ്ടിയിരുന്നത്

### മൂലക്കീൽ കടവ് പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ടി.ഐ.മധുസൂദനൻ | ശ്രീ. കെ. എൻ. ബാലഗോപാൽ<br>(ധനകാര്യ വകുപ്പ മന്ത്രി) |

### മറുപടി നൽകാൻ വൈകിയതിന്റെ കാരണം കാണിക്കൽ പത്രിക

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 27.02.2023 ന് ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2379 നുള്ള മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ചോദ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന്റെയും ക്രോഡീകരിക്കുന്നതിന്റെയും ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് സമയം വേണ്ടിവന്നതിനാലാണ് മറുപടി യഥാസമയം നൽകുന്നതിൽ കാലവിളംബം ഉണ്ടായത്. ഇക്കാര്യത്തിൽ മനപൂർവ്വമായ വീഴ്ചയോ ഉദാസീനതയോ ഉണ്ടായിട്ടില്ല.

Reji John

ജോയിന്റ് സെക്രട്ടറി